LIBRARY ARCHIVES Kerala Legislative Assembly

പട്ടയം ലഭിക്കാത്ത മലയോര കർഷകർ

94 [2158] ശ്രീ. കെ. സുധാകരൻ:
,, ടി. വി. ചന്ദ്രമോഹൻ:
,, എം. എ. വാഹീദ്:
ശ്രീമതി രാധാരാഘവൻ:
ശ്രീ. ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയത്തിനുവേണ്ടി പണം അടച്ചിട്ടും പട്ടയം ലഭിക്കാത്ത എത്ര മലയോര കർഷകരുണ്ട്;

(ബി) ഇവർക്ക് പട്ടയം കൊടുക്കുന്നതിന് കാലതാമസം വരുന്നതെന്തു കൊണ്ടാണ്;

(സി) പട്ടയത്തിനുവേണ്ടി അടച്ച പണം തിരിച്ചുകിട്ടണമെന്ന് എത്ര മലയോര കർഷകർ ആവശ്യപ്പെട്ടിട്ടുണ്ട്;

(ഡി) ഇവർ അടച്ച പണം തിരികെ കിട്ടണമെന്ന് ആവശ്യപ്പെടുവാനുള്ള സാഹചര്യം എന്ത്?

ഉത്തരം

(എ) ഇടുക്കി ജില്ലയിൽ 27 കേസുകളിലും തൃശ്ശൂർ ജില്ലയിൽ 15 കേസുകളിലും പണമടച്ചിട്ടും പട്ടയം നൽകിയിട്ടില്ല.

(ബി) ഇടുക്കി ജില്ലയിൽ 8 കേസുകളിൽ പട്ടയം നൽകും മുമ്പ് തടിവെട്ടിയതിനാൽ വനം വകുപ്പിന്റെ പരിശോധനയ്ക്ക് നൽകിയിട്ടുള്ളതാണ്. ശേഷിച്ച 19 കേസുകളിൽ ആദിവാസി സെറ്റിൽമെന്റിൽ ഉൾപ്പെട്ടിട്ടുള്ളതാകയാൽ തറവില അടച്ചുവെങ്കിലും 1999-ൽ നിശ്ചയിച്ച നഷ്ടപരിഹാരത്തുക അടയ്ക്കാത്തതിനാലാണ് പട്ടയം നൽകാത്തത്. തൃശ്ശൂർ ജില്ലയിൽ 15 കേസുകളിൽ ഉടനെ പട്ടയം നൽകുന്നതാണ്.

(സി) ഇടുക്കി ജില്ലയിൽ ഒരാൾ ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) പട്ടയം ലഭിക്കാൻ താമസം നേരിട്ടതുകൊണ്ടാണ്.

സംസ്ഥാനത്ത് നടത്തിയ പട്ടയമേളകൾ

95 [2159] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ഇതുവരെ നടത്തിയ പട്ടയമേളകളുടെ എണ്ണം എത്ര;

(ബി) ഈ പട്ടയമേളകളിലൂടെ എത്ര പേർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ട്?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ ജില്ലകളിലായി 25 പട്ടയമേളകൾ നടത്തിയിട്ടുണ്ട്.

(ബി) ഈ പട്ടയമേളകളിലൂടെ 16941 പേർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ട്.

മണൽ വാരുന്നതിനുള്ള നിബന്ധനകളും പുഴയോര സംരക്ഷണവും

96 [2160] ശ്രീ. എ. സി. ഷൺമുഖദാസ്:
„ സി. കെ. നാണു:
„ കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളിൽ നിന്നും പുഴകളിൽ നിന്നും മണൽ വാരുന്നതിന് സർക്കാർ എന്തെല്ലാം നിബന്ധനകളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ സാമ്പത്തിക വർഷം മണൽ വാരുന്നതിനുള്ള ലൈസൻസ് ഫീസിനത്തിൽ സർക്കാരിന് എത്ര വരുമാനം ഉണ്ടായെന്ന് വെളിപ്പെടുത്താമോ;

(സി) പുഴയോരവും നദീതീരവും ഇടിയുന്നത് തടയാനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ഡി) ഇതിനായി എത്ര തുക വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഇ) പുഴയോരവും നദീതീരവും സംരക്ഷിക്കുന്നതിനായി ഈ സാമ്പത്തിക വർഷം ഓരോ ജില്ലയിലും എത്ര തുക വീതം ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമത്തിൽ 12-ാം വകുപ്പ് അനുസരിച്ചുള്ള നിബന്ധനകൾക്ക് വിധേയമായി മാത്രമേ മണൽ വാരൽ അനുവദിക്കുന്നുള്ളൂ. നിബന്ധനകൾ ചുവടെ ചേർക്കുന്നു.

1. മണൽവാരൽ പ്രവർത്തനം നടപ്പിൽ വരുത്തുന്നതിന് മുമ്പ് ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തോ മുനിസിപ്പാലിറ്റിയോ അവർക്ക് ജിയോളജി വകുപ്പിൽ നിന്നും

LIBRARY ARCHIVES Kerala Legislative Assembly